ഫാറം – II

[ചട്ടം 16(1) കാണുക]

**മഞ്ചേരി മുനിസിപ്പൽ കൗൺസിൽ**

2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ട് (2016- ലെ 9- ആക്ട്) – ലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം മഞ്ചേരി നഗരത്തിനു വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം.

മഞ്ചേരി നഗര പ്രദേശത്തിനു വേണ്ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് (പ്ലാനിംഗ്) മുഖേന തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിച്ച് 2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപ്പടികൾ സ്വീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രസിദ്ധീകരിക്കുന്ന നോട്ടീസ്.

2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ 36 –ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം മഞ്ചേരി മുനിസിപ്പൽ കൗൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശ (മഞ്ചേരി നഗര) ത്തിന് വേണ്ടി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കുവാൻ 13/12/2024 തിയതിയിൽ ചേർന്ന യോഗത്തിലെ 3(1) നമ്പർ പ്രമേയ പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

| | |
|---|---|
| വടക്ക് | : തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്. |
| കിഴക്ക് | : പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്. |
| തെക്ക് | : ആനക്കയം ഗ്രാമ പഞ്ചായത്ത്. |
| പടിഞ്ഞാറ് | :പൂൽപ്പറ്റ, പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തുകൾ. |

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി :- 5310ഹെക്ടർ

2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ 36 –ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ടി. വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി

SATHEESH KUMAR P
SECRETARY
MANJERI MUNICIPALITY

ചെയർ പേഴ്സൺ

V.M. Subaida
Chairperson
Manjeri, Municipality

സ്ഥലം : മഞ്ചേരി
തിയതി :10/02/2025